**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3460** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും അക്കാദമിക മികവിന് പ്രാധാന്യം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും അക്കാദമിക മികവിനും രൂപം നൽകിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**ഭൗതിക സാഹചര്യ വികസന പദ്ധതികൾ**<br><br>1. **കിഫ്ബി ഫണ്ട് കെട്ടിട നിർമാണം**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുതായി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ 35 സ്കൂളുകൾക്ക് നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകൾക്ക് പകരമായി ഭൗതികസൗകര്യം ആവശ്യമുള്ള 35 സ്കൂളുകൾക്ക് 16/06/2022ലെ സ.ഉ(സാധാ.)നം.3632/2022/പൊവിവ ഉത്തരവ് പ്രകാരം 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി (പുതുക്കിയ നിരക്ക് 1.30കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**2. പ്ലാൻ ഫണ്ട് കെട്ടിട നിർമാണം**<br><br>സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന പദ്ധതിയാണിത്. അംഗീകൃത നിർമാണ ഏജൻസികൾ തയ്യാറാക്കുന്ന പ്രോപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിച്ച ഭരണാനുമതി ലഭിക്കുന്ന മുറക്ക് ടി നിർമാണ പ്രവർത്തികൾ നടത്തി വരുന്നു. നടപ്പ് സാമ്പത്തിക വർഷം (2025-26) ടി പദ്ധതിക്കായി 4202-01-202-93 എന്ന ശീർഷകത്തിൽ 6000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**3. ബാരിയർ ഫ്രീ സ്കൂൾസ്** |

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രതിബന്ധരഹിത വിദ്യാലയങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ നകുന്നതിനുള്ള പദ്ധതിയാണിത്. സ്പെഷ്യൽ സ്കൂളുകൾക്ക് മുൻഗണന.

**4. സ്കൂൾ കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ആകസ്മിക സഹായം**

സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് നടത്തി വരുന്ന പദ്ധതിയാണിത്. ടി പദ്ധതി 2022-23 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. ടി പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 4202-01-201-91 ശീർഷകത്തിൽ 790 ലക്ഷം രൂപയും 2202-01-101-75 ശീർഷകത്തിൽ 250 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**5. സ്വന്തമായി സ്ഥലമില്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി**

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാതെ നിരവധി സ്കൂളുകൾ വാടക അടിസ്ഥാനത്തിൽ സ്വകാര്യ, ഭൂമിയിൽ പ്രവർത്തിക്കുന്നതിനാൽ സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് തുടങ്ങിയ പദ്ധതിയാണ്.

**6. പൈതൃക കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ധനസഹായം**

ഒരു നൂറ്റാണ്ട് പിന്നിട്ട നിരവധി കെട്ടിടങ്ങൾ വകുപ്പിന് സ്വന്തമായി ഉണ്ട്, ടി കെട്ടിടങ്ങളുടെ നവീകരണവും സംരക്ഷണവുമാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**7. പിന്നാക്ക അവസ്ഥയിലുള്ള കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ**

പാവപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രത്യേകിച്ച് തോട്ടം മേഖലകളിൽ താമസിക്കുന്നവർക്കിടയിൽ കൊഴിഞ്ഞുപോക്ക് കുറക്കുന്നതിനും ആരോഗ്യ-പോക്ഷകാഹാര പരിചരണവും ഉന്നനിലവാരമുള്ള വിദ്യാഭ്യാസവും നൽകുന്നതിന് വേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ തുടങ്ങിയ പദ്ധതിയാണ്.

**8. ചലഞ്ച് ഫണ്ട്**

2017-19-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. സർക്കാർ

മാനേജ്മെന്റ് വിഹിതം 1 : 1 എന്ന അനുപാതത്തിലാണ് അനുവദിക്കുന്നത്.

**<u>അക്കാദമിക മികവിനുള്ള പദ്ധതികൾ</u>**

അക്കാദമിക രംഗത്ത് മികവ് ഉറപ്പാക്കാൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കി.

1. പൊതുവിദ്യാഭ്യാസ വകുപ്പ്, വിദ്യാകിരണം മിഷൻ, സമഗ്രശിക്ഷാ കേരള, കെ-ഡിസ്ക് എന്നിവ സംയുക്തമായി ഗണിതപഠനത്തിനായി മഞ്ചാടി എന്ന പേരിൽ ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനപദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 28 എം ആർ എസ്സുകളിലും 72 സ്കൂളുകളിലും 2024- 25 അക്കാദമിക വർഷം നടപ്പാക്കി. പ്രസ്തുത പദ്ധതി ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട ബി.ആർ.സികളെ ഒരു യൂണിറ്റായി പരിഗണിച്ച് പ്രസ്തുത ബി. ആർ.സികളിലെ മുഴുവൻ വിദ്യാലയങ്ങളിലും മൂന്നാംക്ലാസുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി അധ്യാപക പരിശീലനങ്ങളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിന് കെ-ഡിസ്കിന്റെ സഹകരണത്തോടെ മഴവില്ല് പദ്ധതിയും ആവിഷ്കരിച്ച് പൈലറ്റടിസ്ഥാനത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അക്കാദമിക രംഗത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ പ്രത്യക്ഷ തെളിവാണ് 2024 ലെ ദേശീയ പഠന നിലവാരം സർവ്വേ (പറാഖ് രാഷ്ട്രീയ സർവേഷൻ) ഫലങ്ങൾ സൂചിപ്പിക്കുന്നത്. ഇത് പ്രകാരം അക്കാദമിക കാര്യങ്ങളിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്.

**2. ശ്രദ്ധ**

സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹനത്തിനായി ഒരു കൈത്താങ്ങ് നൽകുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ശ്രദ്ധ. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തി ആഴ്ചയിൽ ഒരു ദിവസം പ്രത്യേക പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

3 **ഗുണപരമായ വിദ്യാഭ്യാസം സ്വായത്തമാക്കൽ**

തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് റിസോഴ്സ് അധ്യാപകരായി പരിശീലനം, അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പഠന പിന്തുണാ പദ്ധതി, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ

**4.സംസ്കൃത വിദ്യാഭ്യാസ വികസനം**

കുട്ടികളിൽ സംസ്കൃത ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി. സംസ്ഥാനത്ത് 3000 സ്കൂളുകളിലായി (ഹൈസ്കൂൾ- 1000, യു.പി.- 2000) 2 ലക്ഷത്തോളം കുട്ടികൾ സംസ്കൃത ഭാഷ പഠിക്കുന്നുണ്ട്. സംസ്കൃത പരീക്ഷ നടത്തി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

**5. സ്കൂളുകളിൽ ഗണിത ശാസ്ത്രം, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ**

വിദ്യാർത്ഥികളിൽ ശാസ്ത്രീയബോധം സൃഷ്ടിക്കുക. സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം പരിസ്ഥിതി അവബോധം ശക്തിപ്പെടുത്തുക, നൂതനമായ കഴിവുകൾ വളർത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

**6. District Centre for English**

സംസ്ഥാനത്തെ പുതിയതായി ജോലിയിൽ പ്രവേശിച്ച ഇംഗ്ലീഷ് അദ്ധ്യാപകർക്ക് റിസർച്ച് അടിസ്ഥാനമാക്കിയിട്ടുള്ള ട്രയിനിംഗ് നൽകി പ്രൊഫഷണൽ സ്കിൽ വർദ്ധിപ്പിക്കുന്നതിലൂടെ കുട്ടികളുടെ പഠന നിലവാരത്തിൽ ഉയർച്ച ഉണ്ടാക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**7.Special Enrichment Programme**

തീരദേശ, ഗോത്ര, തോട്ട മേഖലയിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

**8.ശാസ്ത്രരംഗം/ശാസ്ത്രായനം**

വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, പ്രവൃത്തിപരിചയം എന്നി ക്ലബ്ബുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതിയാണ് ശാസ്ത്രരംഗം.

**9. Focus School**

ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും കുട്ടികളുടെ എണ്ണം 25-ൽ കുറവുള്ള ഓരോ സ്കൂളുകളെ തിരഞ്ഞെടുത്ത് പ്രസ്തുത സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂട്ടുന്നതിനായുള്ള പദ്ധതി.

**10.വായനയുടെ വസന്തം**

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വായനാശീലംവളർത്തിയെടുക്കുന്നതിനുള്ള പദ്ധതി

<table>
<tr>
<td></td>
<td></td>
<td></td>
<td>

**11.ഇംഗ്ലീഷ് ഭാഷ സമ്പുഷ്ടീകരണ പരിപാടി**

പ്രാഥമികതലത്തിൽ ഇംഗ്ലീഷ് ഭാഷ പഠിക്കുന്നവരിൽ ശക്തമായ അടിത്തറ കെട്ടിപ്പടുക്കുന്നതിനുള്ള പരിപാടി

**12.ആദിവാസി സെറ്റിൽമെന്റുകളിലെ വിദ്യാഭ്യാസ സന്നദ്ധ പ്രവർത്തനങ്ങൾ**

ആദിവാസി സെറ്റിൽമെന്റുകളിലെ വിദ്യാഭ്യാസ സന്നദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി

**13. സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതി**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാദമിക നിലവാരം ഉയർത്തുന്നതിനും ഓരോ പ്രായത്തിലും കുട്ടികൾ നേടേണ്ട പഠനലക്ഷ്യങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുന്നതിനായി സമഗ്ര ഗുണമേന്മ പദ്ധതി.

</td>
</tr>
<tr>
<td>(ബി)</td>
<td>ഇത്തരം ഗുണപരമായ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് എത്ര വിദ്യാർത്ഥികളാണ് പുതുതായി പൊതുവിദ്യാലയങ്ങളിൽ കടന്ന് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td>
<td>(ബി)</td>
<td>

2025-26 അധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ (സർക്കാർ, എയ്ഡഡ്) 2 മുതൽ 10 വരെ ക്ലാസ്സുകളിലായി 40906 വിദ്യാർത്ഥികൾ പുതുതായി വന്നുചേർന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ലാസ് | കുട്ടികളുടെ എണ്ണം |
|---|---|
| 2 | 3044 |
| 3 | 250 |
| 4 | 806 |
| 5 | 8939 |
| 6 | 3874 |
| 7 | 3682 |
| 8 | 15128 |
| 9 | 4800 |
| 10 | 383 |
| ആകെ | 40906 |

</td>
</tr>
</table>

സെക്ഷൻ ഓഫീസർ